**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കോട്ടയം നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസറായിരുന്ന ശ്രീ. ടോമി തോമസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒഎ-68/2020 നമ്പർ കേസിലെ 07.02.2020 ലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 667/2021/തസ്വഭവ | തീയതി, തിരുവനന്തപുരം, 06.03.2021

---

പരാമർശം :

1. ശ്രീ. ടോമി തോമസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒഎ-68/2020 നമ്പർ കേസിലെ 07.02.2020 ലെ വിധിന്യായം
2. 05.03.2021 തീയതിയിലെ സ.ഉ(സാധാ)664/2021/തസ്വഭവ- നമ്പർ ഉത്തരവ്.

## ഉത്തരവ്

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ കോട്ടയം നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസറായിരുന്ന ശ്രീ. ടോമി തോമസ് ബഹു.കേരള അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒഎ-68/2020 നമ്പർ കേസിലെ പരാമർശം 1 ഉത്തരവുപ്രകാരം അപേക്ഷകനെതിരേ സർക്കാരിൽ ആരംഭിച്ചിട്ടുള്ള അച്ചടക്കനടപടിയിൽ കോടതി ഉത്തരവ് ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ അന്തിമഉത്തരവ് പുറപ്പെടുവിക്കണമെന്നും, പ്രസ്തുത ഉത്തരവിന്റെയടിസ്ഥാനത്തിൽ അപേക്ഷകന് പെൻഷനും ഡി.സി.ആർ.ജി. ഉൾപ്പടെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ ഒരു മാസത്തിനുള്ളിൽ വിതരണം ചെയ്യണമെന്നും ഉത്തരവായിരുന്നു.

2. കോട്ടയം നഗരസഭയിൽ അനധികൃതമായി അറവുശാല പ്രവർത്തിക്കുന്നത് സംബന്ധിച്ച പരാതിപ്രകാരം, സോൺ സി മേഖലയിൽ പ്രവർത്തിച്ചു വരുന്ന അറവുശാലയിൽ 24/09/14 ൽ വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ നിയമാനുസൃതമല്ലാതെയും അനാരോഗ്യകരമായ അവസ്ഥയിലും അറവുശാല പ്രവർത്തിക്കുന്നതായി കണ്ടെത്തിയതിനെത്തുടർന്ന് ആയതിന് ഉത്തരവാദികളെന്ന് വിജിലൻസ് കണ്ടെത്തിയ ടി നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസറായ ശ്രീ.ടോമി തോമസ് ഉൾപ്പടെയുള്ളവർക്കെതിരേ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നതാണ്. എന്നാൽ ശ്രീ . ടോമി തോമസ് 31/12/2016 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ കേരള സർവ്വീസ് റൂൾ ഭാഗം 3 ചട്ടം 3 പ്രകാരമുള്ള നടപടികൾ ആരംഭിക്കുകയുണ്ടായി. തുടർന്ന് കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടർ ഇക്കാര്യത്തിൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം, കോട്ടയം നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ടോമി തോമസ്സിന്റെ പെൻഷനിൽ നിന്ന് കുറവുവരുത്തുവാൻ തക്ക വണ്ണം കൃത്യനിർവ്വഹണത്തിൽ മന:പൂർവ്വം വീഴ്ച വരുത്തിയതായി കണ്ടെത്താൻ കഴിയാത്തതിനാലും ടി വിഷയത്തിൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം വന്നിട്ടില്ലാത്തതിനാലും ടിയാൻ 2016 ൽ വിരമിച്ചിട്ടുള്ള സാഹചര്യത്തിലും, ശ്രീ.ടോമി തോമസ്സിനെതിരായി ആരംഭിച്ച

അച്ചടക്കനടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് പരാമർശം 2 പ്രകാരം അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവായിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ ശ്രീ.ടോമി തോമസ്സിന്റെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നഗരകാര്യഡയറക്ടർക്ക് അടിയന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്.

3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 07.02.2020 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കി ഉത്തരവാകുന്നു..

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യൂ**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീ.ടോമി തോമസ്സ്, റിട്ട.ഹെൽത്ത് സൂപ്പർവൈസർ, കോട്ടയം നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

Danyalll

സെക്ഷൻ ഓഫീസർ